"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിലെ പേരൂർ വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1378/2024/RD തീയതി,തിരുവനന്തപുരം, 12-06-2024

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ (പി) നം. 102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ (എംഎസ്) നം. 2/2022/പൊ.മ.വ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15.03.2022 തീയതിയിലെ എൽആർ/2015/2021-എൽആർ(ജി7) നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിലെ പേരൂർ വില്ലേജ് ഓഫീസിന് 2018-2019 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നതിനാൽ പ്രസ്തുത വില്ലേജ് ഓഫീസിന്റെ പ്രവർത്തനം ടി വില്ലേജിൽ ശ്രീ.കെ. ജി മുരളീധരൻ, സിജ്ഞ നിവാസ്, ചെറുവാണ്ടൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 17/480 നമ്പർ കെട്ടിടത്തിൽ 26.11.2019 മുതൽ 15.12.2021 വരെ മാറ്റി പ്രവർത്തിപ്പിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08/12/2021 തീയതിയിലെ DB1/2315/റെന്റ്/2020-21 പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസിന് അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 25.30 ച.മീ വിസ്തീർണ്ണത്തിന് 4,050/- രൂപയും ഓക്യൂപൈഡ് കാർപ്പറ്റ് ഏരിയയായ 87.26 ച.മീ വിസ്തീർണ്ണത്തിന് 13,980/- രൂപയും വാടകയായി നിശ്ചയിച്ചിട്ടുണ്ടെന്നും ടി വില്ലേജാഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി പൊതുമരാമത്ത് വകുപ്പ് നിശ്ചിയിച്ചിട്ടുള്ള 25.30 ച.മീ വിസ്തീർണ്ണം അപര്യാപ്തമാണ് എന്നും വില്ലേജാഫീസുകളെ പൊതുജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നതിനാൽ ഫ്രണ്ട് ഓഫീസ് സംവിധാനം, പൊതുജനങ്ങൾക്കുള്ള വെയിറ്റിംഗ് റൂം എന്നിവയും ഫയലുകൾ സൂക്ഷിക്കുന്നതിനുള്ള റിക്കാർഡ് റൂം എന്നിവയും വില്ലേജാഫീസുകളിൽ അത്യന്താപേക്ഷിതമാണ് എന്നും പേരൂർ വില്ലേജാഫീസ് പ്രവർത്തിച്ചുവന്നിരുന്ന സ്ഥലത്തിന് സമീപം സൗകര്യപ്രദമായ മറ്റ് കെട്ടിടങ്ങൾ ലഭ്യമല്ലാതിരുന്നതിനാലും പ്രസ്തുത വില്ലേജാഫീസ് നിർമ്മാണ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശമുള്ളതിനാലുമാണ് ടി കെട്ടിടത്തിലേയ്ക്ക് വില്ലേജാഫീസ് പ്രവർത്തനം മാറ്റിയിട്ടുള്ളത് എന്നും ഈ സാഹചര്യത്തിൽ ഓക്യൂപൈഡ് കാർപ്പറ്റ് ഏരിയയ്ക്ക് വാടക നിശ്ചയിക്കുന്നതിനുള്ള അനുമതി നല്കുന്നതിനായി വാടക നിർണ്ണയ അപേക്ഷ, അപ്പൻഡിക്സ് II, റെന്റ് സർട്ടിഫിക്കറ്റ്, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, വാടക കരാർ എന്നിവ സഹിതം പരാമർശത്തിലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ

വ്യവസ്ഥകൾക്ക് വിധേയമായി കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിലെ പേരൂർ വില്ലേജ് ഓഫീസ് 26.11.2019 മുതൽ 15.12.2021 വരെ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഓക്യുപൈഡ് കാർപ്പറ്റ് ഏരിയ ആയ 87.26 ച.മീ-ന് സ്പെഷ്യൽ റെന്റ് ആയി 13,980/- രൂപ (പതിമൂവായിരത്തി തൊള്ളായിരത്തി എൺപത് രൂപ) വാടക നിർണ്ണയിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
Date: 12-06-2024 17:01:38
സെക്ഷൻ ഓഫീസർ